ALL SAINTS' ECUMENICAL FELLOWSHIP CENTRE

# SANKETHABHAVAN

## പ്രാണപ്രിയന്റെ പ്രാണക്കുട്ടികൾ

# പ്രാണരക്ഷ

പി. എൻ. പോൾ റമ്പാൻ



**വിശുദ്ധ മത്തായി 7 : 13 – 27**

പ്രാണന്റെ രക്ഷയുടെ നിലവാരം പരിശോധിക്കുവാൻ വേണ്ടി ഈ വചനം. ഇടുങ്ങിയ വാതിൽ കൂടി പ്രവേശിക്കുക എന്നത് എന്താണ്? എങ്ങനെയാണ്? കാണപ്പെടുന്ന വസ്തുക്കളെയും പ്രതിഭാസങ്ങളും കാണിച്ചുകൊണ്ട് കാണപ്പെടാത്ത സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളെ വെളിപ്പെടുത്തുന്നത്.

**വിശദീകരണത്തിനായി, വിശുദ്ധ ലൂക്കൊസ് 13: 22 – 24**

രക്ഷപ്പെടാൻ ആഗ്രഹമുണ്ടെങ്കിലും രക്ഷിക്കപ്പെടുന്നവർ ചുരുക്കമാണ്. നാം രക്ഷിക്കപ്പെട്ടോ? നാം ഇത്രയും കാലം ജീവിച്ചിട്ട് രക്ഷിക്കപ്പെട്ടവരാണ് എന്നു പറയാൻ ധൈര്യമുണ്ടോ? എവിടെമാണ് രക്ഷിക്കപ്പെടേണ്ടത്. എന്താണ് രക്ഷ? എങ്ങനെയാണ് രക്ഷ? എങ്ങോട്ടാണ് രക്ഷപ്പെട്ടുപോകേണ്ടത്? ദേഹത്തിന്റെയും ആത്മാവിന്റെയും ദേഹിയുടെയും മണ്ഡലത്തിൽ ഇനം തിരിച്ചു പഠിക്കേണ്ടിയിരിക്കുന്നു. നാം പലപ്പോഴും രക്ഷ എന്ന പദം പ്രയോഗിക്കുന്നത് നമ്മുടെ ഭൗമികമായ / ലൗകീകമായ നേട്ടങ്ങളെ സൂചിപ്പിക്കാനാണ്. എന്നാൽ അതുമാത്രമല്ല അതിന് അപ്പുറത്ത് അതിലെറെ പ്രാധാന്യമുള്ള ഒരു രക്ഷയുടെ മണ്ഡലം നമ്മുടെ ദേഹിയുടെ മണ്ഡലത്തിലുണ്ടന്നുള്ള കാര്യം വിശുദ്ധ വേദപുസ്തകത്തിൽ പറയുന്നു. സഖായിയുടെ വീട്ടിൽ വന്നപ്പോൾ യേശു പറഞ്ഞത്, 'ഇന്ന് ഈ വീടിന് രക്ഷയുണ്ടായി' എന്നാണ്. രക്ഷ പല അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും ഏതെല്ലാം അർത്ഥത്തിൽ നാം രക്ഷിക്കപ്പെട്ടു എന്നു പരിശോധിക്കുന്നത് നല്ലതാണ്. രക്ഷ എന്ന വാക്ക് ശാരീരമണ്ഡലത്തിൽ മാത്രം ഒതുങ്ങിനിന്നാൽ പോരാ, രക്ഷയ്ക്കു കുറച്ചുകൂടി വിശാലമായ ആഴമായ അർത്ഥമുണ്ടെന്ന് കർത്താവിന്റെ പ്രസംഗത്തിൽ നിന്ന് വെളിപ്പെടുന്നു. കഴിഞ്ഞ വർഷങ്ങളിലെ നോമ്പുകൾ ഇടുക്കുവാതിലൂടെ അകത്തു കടന്നവരുടെ പ്രാണൻ മുഴുവൻ രക്ഷപ്പെട്ടോ?

100 % പ്രാണൻ ഇന്നലെ വരെയുള്ളത് രക്ഷപ്പെട്ട് കർത്താവിന്റെ ഉള്ളിൽ ഉണ്ടാകണം. ഇങ്ങനെ പ്രാണന്റെ രക്ഷ / ദേഹിയുടെ രക്ഷ ഭയത്തോടും വിറയലോടും മാത്രം പ്രവർത്തിച്ചാൽ ലഭിക്കുന്ന രക്ഷ, അങ്ങനെയുള്ള രക്ഷയുണ്ട്. അത് ഈ ലോകത്തേക്കാൾ വിലയേറിയ പ്രാണന്റെ രക്ഷയാണ്. ആ പ്രാണനെ രക്ഷിക്കാനാണ് യേശു വന്നത്. പ്രാണനും ആത്മാവും രക്ഷപ്പെട്ടു കഴിയുമ്പോൾ ശരീരത്തിന് കിട്ടുന്ന രക്ഷയുണ്ട്. പക്ഷേ ആ രക്ഷ യേശുവിന്റെ രണ്ടാമത്തെ വരവിൽ മാത്രമേ പൂർണ്ണമായി കിട്ടൂ. യേശുവിനെപ്പോലെ ഉയർപ്പിന്റെ തേജസ്സിന്റെ ശരീരം കിട്ടുമ്പോൾ മാത്രമാണ് രക്ഷ പൂർണ്ണമാകുന്നത്. രക്ഷ ആത്മാവിൽ ആരംഭിച്ചു, അത് ദേഹിയിൽ തുടരുന്നു. അത് ശരീരത്തിൽ എത്തിച്ചേരുവാൻ ഇനിയും സമയം എടുക്കും. അപ്പോൾ രക്ഷിക്കപ്പെട്ടതും രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും രക്ഷിക്കപ്പെടാൻ ഇരിക്കുന്നതുമായ മൂന്ന് വശങ്ങൾ നമുക്ക് ഉണ്ട്. ഇതുവരെ രക്ഷിക്കപ്പെടാത്ത വശങ്ങൾ എത്രയുണ്ട്? അതിന് എങ്ങനെ രക്ഷപ്പെടുത്താം. രക്ഷയുടെ നിലവാരം 100 % ആക്കാൻ, അത് മൂന്നിൽ രണ്ട് എങ്കിലും ആക്കാൻ, ശരീരം യേശുവിന്റെ വരവിങ്കലേ രക്ഷിക്കപ്പെടുയെങ്കിലും ഈ ഭൂമിയിൽ വച്ച് നമ്മുടെ പ്രാണൻ മുഴുവൻ രക്ഷപ്പെട്ടു കഴിഞ്ഞാൽ നമ്മുടെ വ്യക്തിത്വത്തിന്റെ മൂന്നിൽ രണ്ട് ഭാഗം യേശുവിന്റെ ഉള്ളിൽ മറഞ്ഞാൽ മറേറത് വളരെവേഗം നടക്കുമെന്നാണ് പറയുന്നത്.

പ്രാണന്റെ രക്ഷയ്ക്കാണ് താമസവും വളരെയധികം പ്രയാസവും ഇടുക്കവും ഞെരുക്കവും ഉള്ളത്. എന്തുകൊണ്ടാണ് പ്രാണന്റെ രക്ഷ പോരാടി മാത്രം ഇടുക്കമുള്ള ഞെരുക്കമുള്ള വഴിയിലൂടെ നേടിയെടുക്കണമെന്ന് പറയുന്നത്? എങ്ങനെയാണ് ഇടുക്കുവാതിലൂടെ കടക്കുവാൻ പോരാടുന്നത്? ആ വാതിൽ ഏതാണ്? ആ വാതിലിലൂടെ എങ്ങനെ നമുക്ക് രക്ഷയുടെ അനുഭവം ഇന്ന് പൂർണ്ണതയിൽ എത്തിക്കാൻ കഴിയും ? നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹവനായ ദൈവമേ വാഴ്ത്തപ്പെട്ട കർത്താവേ, ഈ നല്ല ദിവസത്തിനായി ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ നോമ്പുകളും ഉപവാസങ്ങളും കുമ്പിടിലുകളും ധ്യാനവും ഇടുക്കുവാതിലൂടെ അകത്ത് പ്രവേശിക്കുവാൻ ഞങ്ങളുടെ പ്രാണനെ വാതിൽ കണ്ടെത്തുവാൻ പോരാടുവാനുള്ള വേദിയായിരുന്നു. കഴിഞ്ഞകാല ജീവിതത്തിൽ അങ്ങ് ഞങ്ങൾക്കു നൽകിയ എല്ലാത്തിനെയും ഞങ്ങൾ ഓർത്തു നിന്നെ സ്തുതിക്കുന്നു. കർത്താവിന്റെ കാലം മുതൽ ഇതുവരെയും അനേകർ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും അങ്ങയിൽ ആശ്രയിക്കുകയും ചെയ്തതിന്റെ ഫലമായി, ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി മാറുകയില്ല എന്ന വചനപ്രകാരം ഇപ്പോൾ മാത്രം മാററപ്പെട്ടതും ചവിട്ടപ്പെട്ടതും ദൂരികരിക്കപ്പെടുന്നതുമായ ജാതികൾ ഉള്ളതിനായി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ ദേഹിയുടെ മണ്ഡലത്തിൽ നിന്നും ഞങ്ങളുടെ വീട്ടിൽ നിന്നും ഞങ്ങളുടെ വസ്തുവകകളിൽ നിന്നും ഞങ്ങളുടെ ശരീരത്തിൽ നിന്നും എല്ലാം മാററപ്പെട്ടതായ ആ തിന്മയുടെ ശക്തികളെ ഓർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഇന്ന് രക്ഷ ആവശ്യമുള്ള വശം അങ്ങയുടെ മുമ്പാകെ തുറന്നുവയ്ക്കുന്നു. രക്ഷകനായ യേശു കടന്നുവരുവാൻ ഞങ്ങളുടെ ഹൃദയവാതിൽ തുറന്നിടുന്നു. ഞങ്ങളുടെ ശരീരത്തിൽ നിന്നും വേർപെടുന്നതായ മഹത്വം ശക്തിയും യേശു ആകുന്ന ആ വാതിലൂടെയും വഴിയിലൂടെയും ദൈവരാജ്യത്തിലേക്കു പ്രവേശിച്ച്, അങ്ങനെ രക്ഷപ്പെട്ട് അങ്ങനെ കർത്താവിന്റെ വലിയ പദ്ധതിയ്ക്കു പ്രയോജനപ്പെടുവാൻ ഇടയാകണമെന്ന് പ്രാർത്ഥിക്കുന്നു. ഈ രക്ഷയെപ്പററി ആഴമായി പഠിക്കുവാൻ ഞങ്ങളുടെ ഉൾകണ്ണുകളെ തുറന്ന് ഞങ്ങളുടെ ഗ്രഹണശക്തി വർദ്ധിപ്പിച്ച് പരിശുദ്ധാത്മാവിന്റെ അഭിഷേകം ജ്വലിപ്പിച്ച് ഇന്ന് ഞങ്ങൾക്ക് തരാൻ വച്ചിരിക്കുന്ന അനുഗ്രഹങ്ങൾ അനുഭവമായിത്തീരാൻ ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ കാത്തിരിക്കുന്നു. കർത്താവേ അവിടുത്തെ വിലയേറിയ വചനങ്ങൾ തിരിച്ചറിയുന്നതിന് തടസ്സമായി നിൽക്കുന്ന എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിക്കുവാൻ വിശുദ്ധന്മാരുടെയും മാലാഖന്മാരുടെയും വചനം കേട്ട് രക്ഷപ്പെട്ട സകലരുടെയും കൂട്ടും കൂട്ടാഴ്മയും ഞങ്ങൾ ആവശ്യപ്പെടുന്നു. അത് പ്രയോജനപ്പെടുത്താൻ ഞങ്ങളെ സഹായിക്കണമെ. യേശുവിന്റെ നാമത്തിൽ യാചിക്കുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി കരേററുവാൻ തന്നെ. ആമേൻ.

ഇടുക്കുവാതിലൂടെ അകത്ത് കയറുവാൻ ബദ്ധപ്പെടണം. അതിന് പോരാടാണമെന്നുള്ള കാര്യം വിശുദ്ധ മത്തായും വിശുദ്ധ ലൂക്കൊസും നമ്മെ പഠിപ്പിച്ചു. ഈ കാര്യം പൗലോസും പത്രൊസും കൈകാര്യം ചെയ്തത് എങ്ങനെയെന്നു നോക്കാം.

ഫിലി. 2 : 12 -14 ..................................നമ്മുടെ ഓരോ ദിവസത്തെ പ്രാണൻ യേശുവിന്റെ ഉള്ളിൽ ആയി ദൈവരാജ്യത്തിന്റെ നീതിയും സമാധാനവും പരിശുദ്ധാത്മാവിന്റെ സന്തോഷവും കൊയ്യത് എടുക്കുന്ന കൃഷിയിൽ സഹകരിക്കുവാൻ എന്തെല്ലാം കാര്യത്തിൽ നാം ബന്ധപ്പെടണമെന്ന് നമ്മെ ഇവിടെ ഓർമ്മിപ്പിക്കുന്നു. ഭയത്തോടും വിറയലോടും നമ്മുടെ പ്രാണരക്ഷയ്ക്കായി പ്രവർത്തിക്കണമെന്ന് പൗലോസ് തന്റെ ഫിലിപ്പിയർ സഭയെ ഓർമ്മിപ്പിക്കുന്നു. ഏററവും അധികമായി ദയയും വിറയലും വേണമെന്നാണ് പറയുന്നത്. അപ്പോൾ രക്ഷയ്ക്കുവേണ്ടിയുള്ള പ്രവർത്തനത്തിൽ ഭയം വേണം, വിറയൽ വേണം, പോരാട്ടം വേണം, സൂക്ഷമത വേണം, അന്വേഷണം വേണം. എന്തിനാണ് ഈ ഭയവും വിറയലും ഒക്കെ, പ്രാണന്റെ രക്ഷയ്ക്കുവേണ്ടി എന്തിനാണ് ഭയവും വിറയലും വേണ്ടത്. പ്രാണന്റെ രക്ഷയ്ക്കായി എങ്ങനെയാണ് പ്രവർത്തിക്കേണ്ടത്? ഇച്ഛരിക്കുക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടും പ്രവർത്തിക്കുന്നത്. ഭയത്തോടും വിറയലോടും പ്രവർത്തിക്കുന്ന ഒരു വ്യക്തിയുടെ ഇച്ഛാശക്തിയെ ദൈവത്തിന് വിട്ടുകൊടുക്കണം. നമ്മുടെ ആഗ്രഹങ്ങൾ / ഇച്ഛകൾ അതിനെ ആരാണ് ഇപ്പോൾ നിയന്ത്രിക്കുന്നത്? ദൈവാത്മാവാണോ അതോ അശുദ്ധാത്മാവാണോ? ഈ ലോകത്തിൽ വിവിധതരം ആത്മാക്കൾ ഉണ്ട്.

നമ്മുടെ ഇച്ഛാശക്തിയെ അവർ കയറി പിടിച്ചാൽ പിന്നെ അവർ പറയുന്ന വഴിയെ നാം പോകും, അത് സ്വന്ത ഇഷ്ടപ്രകാരം, ദൈവവചനത്തിനെതിരായിട്ടാണ് ജീവിക്കുന്നതെങ്കിൽ നമ്മുടെ പ്രാണൻ പാതാളത്തിലേക്കു പോകുമെന്ന് 49 ാം സങ്കീർത്തനക്കാരൻ പറയുന്നു. അപ്പോൾ ഇച്ഛാ, അത് ദൈവഇഷ്ടത്തിന് കീഴ്പ്പെടുന്നില്ലായെങ്കിൽ പിന്നെ പിശാചിന്റെ ഇഷ്ടപ്രകാരമായിരിക്കും പോകുന്നത്. പിശാചിന്റെ ഇഷ്ടപ്രകാരം നമ്മുടെ ഇച്ഛപോയാൽ അത് വിശാലമായ വഴിയിലൂടെ നാശത്തിലേക്കു കുഴഞ്ഞചേററിലേക്കു പാതാളത്തിലേക്കു പോകുമെന്ന് സങ്കീർത്തനക്കാരൻ പറയുന്നു. ഇത്രയും കാലം ചെയ്തത് നമുക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ അല്ലേ? നമുക്ക് ഇഷ്ടപ്പെടുന്ന കാര്യങ്ങൾ അല്ലേ നാം ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും ആഗ്രഹിക്കുന്നതും, അതിൽ ഏത് ആത്മാവാണ് പ്രവർത്തിച്ചത്? നമ്മുടെ ഇച്ഛകൾ മുഴുവൻ ദൈവത്തിന്റെ കൈകളിൽ ആയിരുന്നോ? ദൈവത്തിന്റെ കൈകളിൽ നിന്നാണോ അത് വന്നത് എന്ന് തിരിച്ചറിവുണ്ടോ? അതുകാണ്ട് ഭയത്തോടും വിറയലോടും കൂടെ രക്ഷയ്ക്കായി പ്രവർത്തിക്കണം, പോരാടണം എന്നു പറയാൻ കാരണം. നമ്മുടെ ഇച്ഛയുടെ മണ്ഡലത്തിൽ വലിയ പോരാട്ടങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ഇച്ഛയെ ദൈവം കൈക്കൽ ആക്കാൻ ആഗ്രഹിക്കുന്നു, പിശാച് കൈക്കൽ ആക്കാൻ ആഗ്രഹിക്കുന്നു, ആര് ജയിക്കുന്നോ അവർ പറയുന്നത് നാം കേൾക്കും. അപ്പോൾ നാം അറിയുന്നില്ല, ഓരോ കാര്യങ്ങൾ ആഗ്രഹിക്കുന്നത്, നമ്മുടെ ആഗ്രഹങ്ങളുടെ പുറകിൽ ഏത് ആത്മാവാണ്, നമ്മുടെ അഭിപ്രായങ്ങളുടെ പുറകിൽ ഏത് ആത്മാവാണ് പ്രവർത്തിക്കുന്നത് എന്ന് നാം വ്യക്തമായി തിരിച്ചറിയണം. ആഗ്രഹിച്ചുപോയതുകൊണ്ട് അങ്ങു ചെയ്യുകയല്ല, ഈ ആഗ്രഹം എവിടെ നിന്ന് വരുന്നു? ഇത് ആരു തന്നു? അത് എവിടേക്കു പോകുന്നു എന്നത് അറിഞ്ഞിട്ടേ നടപ്പിലാക്കാവൂ. അല്ലെങ്കിൽ നാം വഞ്ചിക്കപ്പെടാൻ സാധ്യതയുള്ള കാര്യങ്ങൾ ഉണ്ട്.

നമ്മുടെ കഴിഞ്ഞകാല ജീവിതത്തിൽ ഇച്ഛരിക്കുക എന്നതും പ്രവർത്തിക്ക എന്നതും നമ്മുടെ ദൈവമാണ് തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത് എന്നു പറയുവാൻ പൗലൊസിന് ധൈര്യമുണ്ടായിരുന്നു. ഫിലിപ്പ്യസഭയ്ക്കും ആ ധൈര്യം ഉണ്ടായിരിന്നു. ജയിൽ കിടക്കുന്ന പൗലൊസ്, കർത്താവ് പറഞ്ഞതു മാത്രമേ ചെയ്തുള്ളു, പ്രവർത്തിച്ചുള്ളു, കർത്താവ് പറഞ്ഞിടത്തു മാത്രമേ പോയിട്ടുള്ളു. പക്ഷേ കിട്ടിയത് ജയിലും തടവും ഒക്കെയാണ്, ബന്ധനമാണ്. എങ്കിലും പൗലൊസിന് അതിനിടയിൽ സന്തോഷിക്കാൻ കഴിഞ്ഞു. നമ്മൾ ഇച്ഛരിച്ചതു മുഴുവൻ അത് ദൈവം ഇച്ഛരിട്ടാണ് എന്നു പറയുവാൻ, അത് ദൈവത്തിന്റെ ഇഷ്ടം അതേപടി നമ്മുടെ ഉള്ളിലേക്കു വന്നതാണെന്നും അതാണ് നടപ്പിലാക്കിയത് എന്നും പറയുവാൻ നമുക്ക് ധൈര്യമുണ്ടോ? എത്ര ശതമാനം ഇച്ഛരകൾ ദൈവത്തിന്റേത് ആയിരുന്നു? എത്ര ശതമാനം ഇച്ഛരകൾ പിശാചിന്റെ ആയിരുന്നു എന്ന് തിരിച്ചറിഞ്ഞില്ലായെങ്കിൽ നമ്മുടെ ഒരു വശം പാതാളത്തിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു എന്നുള്ള കാര്യം ഓർക്കണം.

ഇച്ഛരിക്കുക എന്നതും പ്രവർത്തിക്ക എന്നതും നമ്മുടെ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത് എന്നു പറഞ്ഞിട്ട് ഈ ലോകത്തിൽ അങ്ങനെ അല്ലാത്ത ഒരു കൂട്ടർ ഉണ്ട് എന്നുള്ള കാര്യം ഓർക്കണം. വക്രതയും കോട്ടവുമുള്ള തലമുറകളുടെ നടുവിലാണ് നാം ജീവിക്കുന്നത്. വക്രതയും കോട്ടവുമുള്ള തലമുറകളുടെ മദ്ധ്യത്തിൽ നമ്മളും വക്രതയും കോട്ടവുമുള്ളവരായി അധഃപതിക്കാൻ സാദ്ധ്യത ഉണ്ട്. അവരുമായി കൂട്ടു കൂടാൻ സാദ്ധ്യതയുണ്ട്. എന്നാൽ വക്രതയും കോട്ടവുമുള്ള തലമുറയിൽ നിന്ന് വേർതിരിക്കപ്പെട്ടിട്ട് സത്യവും നേരും ലക്ഷ്യബോധവുമുള്ള ദൈവവചനത്തോടും ദൈവവചനം അനുസരിക്കുന്നവരുമായിട്ടുള്ള കൂട്ടാഴ്മ നമ്മുടെ പ്രാണനെ സ്വർഗ്ഗത്തിൽ എത്തിക്കാൻ ഉപകരിച്ചോ? അതുകൊണ്ട് നമ്മുടെ ഓരോ ദിവസത്തെ കൂട്ട്, നമ്മുടെ സഹകരണങ്ങൾ, നമ്മുടെ യാത്രകൾ, നമ്മുടെ പോക്കുവരവുകൾ, പ്രാണരക്ഷയ്ക്കു ഉതകുന്നതാണോ പ്രാണന്റെ നാശത്തിന് ഉതകുന്നതാണോ എന്ന ഒരു പരിശോധന വേണം.

വക്രതയും കോട്ടവുമുള്ളതാണ് തലമുറ. പക്ഷേ നമ്മൾ ആ തലമുറയിൽ നിന്ന് അടർത്തി മാററി എടുക്കപ്പെട്ടിട്ട് വിശ്വാസികളുടെ കൂട്ടത്തിൽ വിശ്വാസത്തിന്റെ പാതയിലാണ് സഞ്ചരിക്കുന്നത് എന്ന് പരിശോധിക്കണം. അവരുടെ മദ്ധ്യത്തിൽ, നടുവിൽ അന്യനരും പരമാർത്ഥരും ദൈവത്തിന്റെ നിഷ്കളങ്ക മക്കളാകാനും നല്ലൊരു പോരാട്ടം വേണം. ആ പോരാട്ടത്തിൽ നാം വിജയിച്ചിട്ടുണ്ടോ? നമ്മുടെ ഓരോ വാക്കും പ്രവർത്തിയും ചിന്തയും വക്രതയും കോട്ടവുമുള്ള തലമുറയോട് ചേരുന്നതോ അതോ അതിൽ നിന്ന് വേർപെട്ടതോ. അത് നിഷ്കളങ്കവും പരമാർത്ഥവുമായി കർത്താവിനോട് ചേരുന്നതുമാണോയെന്ന് പരിശോധിക്കണം. നമ്മുടെ പ്രാണൻ പാതളത്തിൽ പോകുന്നതും പറുദീസായുടെ അനുഭവത്തിൽ നിന്ന് നമ്മെ പിൻതിരിപ്പിച്ച് മരുഭൂമിയിൽ തകർത്തുകളയുന്നതുമായ രണ്ട് സ്വഭാവങ്ങളായ പിറുപിറുപ്പും വാദവും കൂടാതെ എല്ലാം ചെയ്യേണം. ദൈവത്തിന്റെ നിഷ്കളങ്ക മക്കളാകണമെങ്കിൽ പിറുപിറുപ്പും വാദവും കൂടാതെ എല്ലാ കാര്യവും ചിന്തിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞങ്കിലേ ഇടുക്കു വാതിലിലൂടെ കർത്താവിന്റെ അടുത്തേക്ക് പ്രവേശിക്കുവാൻ സാധിക്കുകയുള്ളു.

കർത്താവ് നമ്മോടുകൂടെ ഉണ്ട്, ലോകാവസാനത്തോളം കൂടെയിരിക്കാമെന്ന് പറഞ്ഞ ഇമ്മാനുവേൽ നമ്മുടെകൂടെയുണ്ട്. ആ ഇമ്മാനുവേലിനോട് ചേരുവാനാണ് എന്റെ ഹൃദയം, ആ ഇമ്മാനുവേലിനോട് വേല ചെയ്യുവാനാണ് എന്റെ ജീവിതം. എനിക്ക് ഒററയ്ക്കു ഒന്നും ചെയ്യുവാൻ അവകാശമില്ല. ഞാൻ ദൈവത്തിന്റെ വകയാണ്. യേശു നമ്മെ സൃഷ്ടിച്ചു, രക്ഷിച്ചു പരിപാലിച്ചു എന്ന പല അവകാശങ്ങളുള്ള എന്റെ ഉടയക്കാരൻ കൂടെ നടക്കുന്നു. പക്ഷേ ദൈവം നമ്മുടെ ഹൃദയത്തിനുള്ളിൽ തള്ളിക്കയറുകയില്ല, തല്ലിപൊളിച്ചും കയറുകയില്ല. നമ്മൾ ദൈവത്തെ ക്ഷണിച്ചാലേ അകത്തേയ്ക്കു വരികയുള്ളു. അങ്ങനെ നാം ചെയ്യാറുണ്ടോ? ഈ യേശൂ നമ്മുടെ കൂടെ വരും. നമ്മുടെ അടുത്തുകൂടെ നടക്കും, വർത്തമാനം ഒക്കെ പറയും. പക്ഷേ കർത്താവ് മുമ്പോട്ട് നടന്നുപോകും. നമ്മുടെ വീട്ടിലേക്കു ക്ഷണിച്ചാൽ മാത്രമേ നമ്മുടെ വീട്ടിലേക്കും അകത്തേക്കും വരികയുള്ളു.

നമ്മുടെ അനുദിനജീവിതത്തിൽ നമുക്ക് മനസ്സിലാകാത്ത ഭാഷയിലും രീതിയിലും ഒക്കെ കർത്താവ് നമ്മൊടുകൂടെ വരുന്നുണ്ട്. നമ്മൊടുകൂടെ നടക്കുന്നുണ്ട്. അപ്പോൾ നമ്മുടെ കർത്താവിനെ ക്ഷണിക്കാൻ മറക്കരുത്. ക്ഷണിച്ചാൽ മാത്രമേ കർത്താവ് വരികയുള്ളു. ക്ഷണിക്കാത്തിടത്ത് കർത്താവ് വലിഞ്ഞുകയറി വരികയില്ല. മാന്യനാണ് കർത്താവ്. കർത്താവിനെ ക്ഷണിക്കാൻ മറന്നുപോയിട്ടുണ്ടോ? എത്ര തവണ കർത്താവ് നമ്മോടുകൂടെ നടന്നതാണ് എന്നറിയാമോ? എന്നാൽ വീടിന്റെ പടിക്കൽ ചെന്നപ്പോൾ കർത്താവിനെ കൊണ്ടാണോ വീട്ടിലേക്കു കയറിയത്? അതോ കർത്താവ് നേരെ നടന്നുപോയോ? അങ്ങനെയുള്ള എത്ര കേസ്സുകൾ നമ്മൾക്ക് ഉണ്ട്? നമ്മുടെ കഴിഞ്ഞകാല ജീവിതത്തിൽ നമ്മുടെ വാഹനത്തിൽ കർത്താവ് ഉണ്ടായിരുന്നു. നമ്മുടെ യാത്രയിൽ കൂടെ ഉണ്ടായിരുന്നു. കർത്താവ് നമ്മോടുകൂടെ പലയിടത്തും വന്നു. പല കാര്യങ്ങൾ ഒക്കെ ചെയ്തുതന്നു, നമ്മളെ സന്തോഷിപ്പിക്കുകയും ചെയ്തു.

പക്ഷേ നമ്മുടെ ഹൃദയത്തിൽ കയറണമെങ്കിൽ നാം ക്ഷണിക്കണം. ഹൃദയത്തിന്റെ വാതിൽ മുട്ടി ഒക്കെ നോക്കും. പക്ഷേ നമുക്ക് അത് മനസ്സിലായില്ലെങ്കിൽ കർത്താവ് തിരികെ പോകും. ഹൃദയവാതിക്കൽ മുട്ടിയിട്ട് തുറന്നുകൊടുക്കാതെ കർത്താവ് തിരികെ പോയ കേസ്സുകൾ എത്ര കാണും? നാം ക്ഷണിച്ചു കയററാതെ വീട്ടിൽ കയറാതെപോയ സംഭവങ്ങൾ ഉണ്ടാകും. ഈ കാര്യങ്ങൾ മറന്നുപോകാതിരിക്കാൻ നാം ഭയത്തോടും വിറയലോടും രക്ഷയ്ക്കായി പ്രവർത്തിക്കണം. എല്ലാ ദിവസവും എല്ലാ കാര്യവും യേശുവിനൊടൊപ്പം ചെയ്യണം. അവൻ നമ്മുടെ ജീവിതപങ്കാളിയാണ്. നമുക്ക് ഒററയ്ക്കു ചെയ്യാനുള്ള സ്വാതന്ത്ര്യം ഉണ്ട്. ഒററയ്ക്കു എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം ഉണ്ട്. ആരുടെകൂടെയും ചേരുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ട്. പുത്രനായ യേശു, ജീവിത പങ്കാളിയായ യേശുവിനെ വിളിക്കാനും വിളിക്കാതിരിക്കാനും സ്വാതന്ത്ര്യം ഉണ്ട്. ശ്രദ്ധിക്കാനും ശ്രദ്ധിക്കാതിരിക്കാനും സ്വാതന്ത്ര്യം ഉണ്ട്. എത്ര പ്രാവശ്യം ദൈവത്തെ നാം അവഗണിച്ചു. ദൈവം തിരികെ പോകും. ഇത് കർത്താവിനോട് ചോദിച്ചാൽ കർത്താവ് അത് എണ്ണി എണ്ണി പറയും. എപ്പോഴെല്ലാം ദൈവത്തെ അവഗണിച്ച കാര്യങ്ങൾ, കർത്താവേ ക്ഷമിക്കണമെ.

ഈ സമയത്ത് ഞങ്ങൾ ക്ഷമ ചോദിച്ച് കർത്താവിനെ ഞങ്ങളുടെ വീട്ടിൽ കൊണ്ടുപോകാൻ ഒരുങ്ങുകയാണ്. ഇന്ന് കർത്താവിനെ കൂട്ടികൊണ്ടുപോകേണം. കർത്താവ് ഞങ്ങളുടെ കൂടെ വരണം, വീട്ടിൽ വരണം, കൂടെ വരണം, എന്റെ ഹൃദയത്തിൽ കയറണം. കർത്താവ് തന്നെയാണ് ആ ഇടുക്കുവാതിൽ. കർത്താവിനോട് ചേരുകയും കണ്ടെത്തുകയും കർത്താവിന്റെ ഇഷ്ടങ്ങളെ തിരിച്ചറിയുകയും ചെയ്ത് അതിനോട് സഹകരിച്ച് കർത്താവിന്റെ ഉള്ളിൽ കയറുവാൻ, കർത്താവ് നമ്മുടെ ഉള്ളിൽ കയറുവാൻ ഉള്ള വേദികൾ ഭയത്തോടും വിറയലോടും കൂടി നമ്മൾ പോരാടിയെങ്കിൽ മാത്രമേ ആ അവസരങ്ങൾ നമുക്ക് തക്കത്തിൽ ഉപയോഗിക്കാൻ കഴിയുകയുള്ളു. എല്ലാ കാര്യങ്ങളും പിറുപിറുപ്പും വാദവും കൂടാതെ ചെയ്താൽ മാത്രമേ കർത്താവിനെ നമ്മുടെ ഉള്ളിൽ കയററാനും കർത്താവിന്റെ ഉള്ളിൽ നമുക്ക് കയറുവാനും കർത്താവിനെ തിരിച്ചറിയാനും സാധിക്കുകയുള്ളു എന്നാണ് പറയുന്നത്. നമുക്ക് പറുപിറുപ്പും വാദവും വരുത്താൻ പിശാച് ഭയങ്കര മിടുക്കനാണ്.

അപ്പോൾ കഴിഞ്ഞകാല ജീവിതത്തിൽ, കുടുംബജീവിതമായാലും സന്ന്യാസജീവിതമായാലും സഭാജീവിതമായാലും പറുപിറുപ്പും വാദവും ഉണ്ടാകുന്ന സാഹചര്യത്തിൽ സാത്താനെ നിങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ? അപ്പോൾ സാത്താനെ ആട്ടിഓടിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇത് എന്റെ കർത്താവിൽ നിന്ന് അകററാൻ വേണ്ടി ശത്രുവിന്റെ പണിയാണ്. സാത്താനെ നീ മാറിനിൽക്ക്, നീ മാറി പോകുക, നിന്റെ വഴിക്കു പോകുക, എന്റെ കർത്താവിന്റെ വകയാണ് ഞാൻ. ഞാൻ ദൈവത്തിന്റെ നുകം ഏററ് ദൈവത്തിന്റെ പണി ചെയ്യും. അങ്ങനെ വിശ്വാസവും സമർപ്പണവും പുതുക്കി കർത്താവിനോടത്ത് എല്ലാം സഹകരിച്ചു ചെയ്യുവാൻ ഉള്ള സാഹചര്യത്തിലാണ് ഭയത്തോടും വിറയലോടും ആണ് അന്നത്തെ നമ്മുടെ പ്രാണൻ യേശുവിന്റെ ഉള്ളിൽ കയറി രക്ഷപ്പെടുന്നത്. ഇത് ആഴമായി പഠിക്കുന്നതിന് പഴയനിയമകാലത്ത് 6 ലക്ഷം കുടുംബങ്ങൾ രക്ഷപ്പെട്ടെങ്കിലും ചെങ്കടൽ കടന്നെങ്കിലും മെറിയാൻ തപ്പ് എടുത്തു പാട്ടു പാടിയെങ്കിലും വളരെ പെട്ടെന്ന് അവർക്ക് പിറുപിറുപ്പുണ്ടായി. പുറപ്പാട് 15 : 24…..

കഴിഞ്ഞകാല ജീവിതത്തിൽ നമ്മൾ പിറുപിറുത്ത സാഹചര്യത്തിൽ നമ്മുടെ പ്രാണൻ ഇടുക്കുവാതിൽ കണ്ടെത്താതെ വിശാലമായ വഴിയിലൂടെ പാതാളത്തിലേക്കു പോകുകയായിരുന്നോ? നമ്മുടെ ജീവിതത്തിൽ കയ്പ്പിന്റെ അനുഭവങ്ങൾ വരുമ്പോൾ സ്തോത്രം പറയാനോ അത് കർത്താവിനോട് പറയാനോ അതിന്റെ ഉദ്ദേശ്യമെന്താണെന്ന് കർത്താവിനോട് ചോദിക്കാനോ ഇടയാകാതെ പിറുപിറുത്തു കഴിയുമ്പോൾ നമ്മൾ ഇടുക്കുവാതിൽ കാണതെ നമ്മുടെ പ്രാണൻ വിശാലമായ വഴിയിലൂടെ താഴേക്കു പോകുകയാണ്. ഇടുക്കവും ഞെരുക്കമുള്ളതും കയ്പ്പിന്റെയും അനുഭവങ്ങൾ വരുമ്പോൾ അത് സ്തോത്രത്തോടെ കർത്താവിന്റെ അടുത്തു കൊണ്ടുചെല്ലണമെന്നാണ്. ഫിലിപ്പ്യർ 4 ൽ ഒന്നിനെപ്പററിയും വിചാരപ്പെടരുത് എന്നാണ്. എല്ലാം സ്തോത്രത്തോടെ ദൈവത്തെ അറിയിച്ചാൽ സകലബുദ്ധിയേയും കവിയുന്ന സമാധാനം തരുമെന്നാണ്. നമ്മുടെ സകലബുദ്ധിയേയും കവിയുന്ന സമാധാനം തൊട്ട് അടുത്തിരിപ്പുണ്ട്.

കയ്പ്പുള്ള വെള്ളത്തെ മധുരമുള്ളതാക്കി തീർക്കാൻ കഴിയുന്ന കമ്പ് അപ്പുറത്തു തന്നെ ഇരിപ്പുണ്ടായിരുന്നു. ആരും കണ്ടില്ല. പ്രാർത്ഥിച്ച മോശ മാത്രമേ അത് കണ്ടിരുന്നുള്ളു. എത്രയോ പ്രാവശ്യം നമ്മുടെ കയ്പ്പുണ്ടാകുന്ന സാഹചര്യത്തിൽ തൊട്ട് അപ്പുറത്ത് ഒരു മധുരകമ്പ് ഇരിപ്പുണ്ടായിരുന്നു. അതാണ് യേശു. ജീവന്റെ വൃക്ഷത്തിന്റെ ഫലമായ യേശു. ജീവന്റെ വൃക്ഷത്തിന്റെ കമ്പ്, ആ യേശുവിന്റെ ശാഖ നമ്മുടെ തൊട്ട് അടുത്തുതന്നെ ഉണ്ടായിരുന്നു. അവന്റെ സാന്നിദ്ധ്യം നമ്മുടെ അടുത്ത് ഉണ്ട്. പക്ഷേ പിശാച് അത് മറിച്ചുകളയും. എത്രയോ പ്രാവശ്യം നമുക്ക് വിചാരവികാരങ്ങൾ ഉണ്ടാക്കിയ കയ്പ്പും വരൾച്ചയും വരുത്തിയ സാഹചര്യങ്ങളിൽ നമ്മൾ പിറുപിറുത്തു, നമ്മൾ പരാതിപ്പെട്ടു. അത് പ്രാർത്ഥനയാക്കിയില്ല.

അതുകൊണ്ടാണ് ഒന്നിനെപ്പററിയും വിചാരപ്പെടതെ, എല്ലാം പ്രാർത്ഥനയാക്കി, എല്ലാം സ്തോത്രമാക്കി മാററാമെങ്കിൽ തൊട്ടടുത്ത് കർത്താവിന്റെ കമ്പ്, ആ ജീവവൃക്ഷത്തിന്റെ കമ്പ് കാണിച്ചു തരും. അത് നമുക്ക് മധുരത്തിന്റെ അനുഭവവും, ക്ഷീണത്തിന്റെ അനുഭവം മാററിത്തന്ന് നമ്മളെ കുറെ കൂടെ കർത്താവിൽ സന്തോഷിക്കാനുള്ള അവസരമായിരുന്നു, അത് നമ്മൾ പാഴാക്കി കളഞ്ഞു. അതിന് നമുക്ക് ക്ഷമ ചോദിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കഴിഞ്ഞകാല ജീവിതത്തിൽ നമ്മൾ ഉദ്ദേശിച്ച ഏതെങ്കിലും കാര്യങ്ങൾ താമസിച്ചുപോയെങ്കിൽ അതിന് ആരെയും കുററപ്പെടുത്തേണ്ട ആവശ്യമില്ല, ആരെയും പഴിക്കേണ്ട, ഉത്തരവാദികൾ നമ്മൾ തന്നെയാണ്. നമ്മുടെ പിറുപിറുപ്പും അവിശ്വാസവുമാണ്.

അതിനായി എല്ലാ കാര്യത്തിലും കർത്താവിനോട് സഹകരിച്ച് കർത്താവിനോട് ഒപ്പം പ്രാർത്ഥന അനുഭവത്തിലൂടെ നമുക്ക് അതിനെ വിജയമാക്കിത്തീർക്കാൻ കഴിയുമെന്ന കാര്യം നാം മറന്നുപോയിട്ട് നമ്മുടെ ഇച്ഛാശക്തിയെ പിശാചിന് വിട്ടുകൊടുത്താണ്, നാം പിറുപ്പിറുക്കാനും പ്രകോപിപ്പിക്കുന്ന സാഹചര്യത്തിൽ എടുത്തുചാടാനും നമ്മെ പ്രേരിപ്പിച്ചത്. ഈ സാഹചര്യത്തിൽ ചില വേദവാക്യങ്ങൾ കൂടി ഇണ ചേർത്ത് ചിന്തിക്കുന്നത് നല്ലതാണ്. ഭയത്തോടും വിറയലോടും രക്ഷയ്ക്കായി പ്രവർത്തിച്ച, പ്രാർത്ഥിച്ച് രക്ഷ കിട്ടിയവരുടെ അനുഭവങ്ങൾ വേദപുസ്തകത്തിൽ പലയിടത്തും രേഖപ്പെടുത്തിയിരിക്കുന്നു.

ഓരോ ദിവസത്തെ പ്രാണൻ അങ്ങനെ രക്ഷപ്പെടേണ്ടിയിരിക്കുന്നു. അപ്പോൾ ഇച്ഛിക്കുക എന്നതും പ്രവർത്തിക്ക എന്നതും ദൈവം തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിച്ചിട്ട് വക്രതയും കോട്ടവുമുള്ള തലമുറകളുടെ നടുവിൽ അനന്യരും പരമാർത്ഥരും ദൈവത്തിന്റെ നിഷ്കളങ്കരുമായി പിറപിറുപ്പും വാദവും കൂടാതെ എല്ലാം ചെയ്താൽ ഉള്ള ഗുണം, അവരുടെ ഇടയിൽ നാം ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ജ്യോതിസുകളെപ്പോലെ പ്രകാശിക്കും. അങ്ങനെ ജ്യോതിസുകളെപ്പോലെ പ്രകാശിക്കുമ്പോഴാണ് ദൈവരാജ്യത്തിന്റെ നീതിയും സാധാനവും പരിശുദ്ധാത്മാവിന്റെ സന്തോഷവും നമ്മളിൽ കവിഞ്ഞൊഴുകി അനേകരിലേക്കു കടന്നുപോകുന്നത്. യോശുവായ്ക്കും കാബേലിനും മാത്രമേ അങ്ങനെ ജ്യോതിസുകളെപ്പോലെ പ്രകാശിച്ച് കനാൻ ദേശത്തിലെ മനോഹരമായ സ്ഥലങ്ങൾ, ഫലഭുഷ്ഠമായ സ്ഥലങ്ങൾ കൈവശമാക്കി മക്കളും കൊച്ചുമക്കളുമായിട്ട് ആനന്ദിക്കാൻ കഴിഞ്ഞു.

ഈ അനുഭവം സങ്കീർത്തനക്കാരൻ നേരത്തെതന്നെ പ്രവചിച്ചിട്ടുണ്ട്. സങ്കീർത്തനങ്ങൾ 89, 86, 116 :8 ാം വാക്യത്തിൽ…….. സങ്കീർത്തനക്കാരൻ ഇങ്ങനെ ഭയത്തോടും വിറയലോടും കൂടി രക്ഷയ്ക്കായി പ്രവർത്തിച്ച് ഇടുക്കുവാതിൽ കണ്ടെത്തുന്ന പ്രാണക്കുട്ടിയുടെ അനുഭവങ്ങൾ നേരത്തെതന്നെ കണ്ടുവച്ചിട്ടുണ്ട്. അത് പുതിയനിയമകാലത്ത് യേശുവിൽ ആയിത്തീരുന്ന പ്രാണന്റെ അനുഭവങ്ങളുടെ മുൻകുറികളാണ്. അത് സങ്കീർത്തനക്കാരൻ നേരത്തെ ആശ്വസിച്ചു. അത് ദൈവമക്കൾക്ക് വരാൻപോകുന്ന അനുഭവങ്ങളുടെ മുൻകുറിയായിരുന്നു.

സങ്കീർത്തനങ്ങൾ 116 :8 ാം വാക്യത്തിൽ……. പഴയനിയമകാലത്ത് തന്റെ പ്രാണനെ രക്ഷിക്കാൻ യേശുവിന്റെ വല്ല്യപ്പച്ചനായ ദാവീദിനും സങ്കീർത്തനക്കാരനും ഒക്കെയും കഴിഞ്ഞെങ്കിൽ അവരാണ് യേശുവിന്റെ കാൽവറി യാഗത്തിൽ തന്റെ രക്തം പാതാളത്തിലേക്കു പോയി പ്രസംഗിച്ചു, ആദ്യമായി പറുദീസായിൽ കയറി സങ്കീർത്തനങ്ങൾ എഴുതിയത്. ഇങ്ങനെ പ്രവാചകന്മാരും സങ്കീർത്തനങ്ങൾ എഴുതിയവരും പാടിയവരും പ്രത്യാശയോടെ കടന്നുപോയവർ ഒക്കെയും പാതാളത്തിന്റെ മുകളിലത്തെ തട്ടിലായിരുന്നു. പാതാളത്തിന് രണ്ടു തട്ടുകൾ ഉണ്ട്. മുകളിലത്തെ തട്ടിലിൽ പ്രത്യാശയുള്ളവരും താഴത്തെ തട്ടിൽ പ്രത്യാശയില്ലാത്തവരും ആണ്. കേസ്സുകൾ തീർന്നവരെ മുകളിലത്തെ തട്ടിലിലേക്ക് സ്ഥാനകയററം കൊടുക്കും. അവർ ഒക്കെയാണ് പറുദീസായിലേക്ക് കയറിപ്പോകുന്നത്.

നമ്മുടെ ശരീരത്തിന് വേർപ്പെട്ട പ്രാണൻ രണ്ട് തട്ടിൽ താഴെപോയി കിടക്കും. പ്രത്യാശയുള്ള പ്രാണൻ പാതാളത്തിലെ മുകളിലത്തെ തട്ടിൽ കാണും. പ്രത്യാശയില്ലാത്ത പ്രാണൻ അടിയിലത്തെ തട്ടിൽ കാണും. പ്രത്യാശയുള്ളവർ ഒക്കെയും വചനം കേൾക്കുവാൻ കാത്തിരിക്കുകയാണ്. ഈ ധ്യാനസമയത്ത്, ഉപവാസ സമയത്ത്, നോമ്പ് സമയത്ത് നമ്മുടെ കുടുംബത്തിൽ കേസ്സുകൾ തീർന്ന് പ്രത്യാശയോടെ ഈ ആത്മലോകത്തെ, പാതാളത്തിന്റെ മുകളത്തെ തട്ടിൽ നോക്കിയിരിക്കുന്നവർ ധാരാളം ആളുകൾ ഉണ്ട്. അവർ എല്ലാവരും നമ്മോടുകൂടി ചേർന്ന് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കും. നമ്മുടെ ആരാധനകൾ, വിശുദ്ധ കുർബ്ബാനകൾ ഇതുപോലെ നഷ്ടപ്പെട്ട പ്രാണന്റെ രക്ഷപൂർത്തീകരണത്തിന് പ്രയോജനപ്പെടുത്താം. നമ്മുടെ ഉപവാസങ്ങൾ, ധ്യാനങ്ങൾ, നമ്മൾക്കുവേണ്ടി മാത്രമല്ല, നമ്മുടെ പൂർവ്വികർക്കുവേണ്ടിയാണ് എന്ന് അറിയിക്കുകയാണ്.

നമ്മുടെ കുടുംബത്തിൽ ഇതുവരെ രക്ഷപ്പെടാത്ത, വരണ്ടസ്ഥലത്ത് കിടക്കുന്നവർ ഉണ്ടെങ്കിൽ അവർ നമ്മളിലൂടെ വചനം കേട്ട് പ്രത്യാശയോടെ കാത്തിരിക്കുകയാണെങ്കിൽ നമ്മുടെ ശരീരത്തിലൂടെയും സഭയിലൂടെയും ആരാധനിലൂടെയും അവർക്ക് വെള്ളം കിട്ടുന്ന സ്ഥലത്തേക്ക് കയററം കിട്ടി നമ്മുടെ കുടുംബത്തിന്റെ സന്തോഷവും രക്ഷയും കുറെകൂടി വർദ്ധിക്കുമെന്ന കാര്യം ഓർക്കണം. 116:8 വാക്യത്തിന്റെ അനുഭവം നമ്മുടെയും കുടുംബത്തിന്റെയും ആകട്ടെ.

86:13 വാക്യം....... ഭയത്തോടും വിറയലോടും നാം രക്ഷയ്ക്കായി പ്രവർത്തിക്കുമ്പോൾ നമ്മുടെ പ്രാണന് കിട്ടേണ്ടതായ ഒരു അനുഭവത്തെ കുറിച്ച് പറയുന്നു. എന്നോടുള്ള ദയ വലിയതല്ലോ. നീ എന്റെ പ്രാണനെ പാതാളത്തിന്റെ ആഴത്തിൽനിന്ന് രക്ഷിച്ചിരിക്കുന്നു. അങ്ങനെ നമുക്ക് പറയാൻ സാധിക്കണം. ഓരോ ദിവസത്തെ ധ്യാനവും ഉപവാസം കഴിയുമ്പോൾ, വിശുദ്ധ കുർബ്ബാന അനുഭവത്തിലൂടെ രക്ഷപ്പെട്ട പ്രാണൻ ഈ സങ്കീർത്തനക്കാരൻ ചൊല്ലി സന്തോഷിക്കും. കിട്ടിയ രക്ഷയ്ക്കുവേണ്ടി നന്ദി പറയാനാണ് ധ്യാനവും ഉപവാസവും കഴിഞ്ഞ് വിശുദ്ധ കുർബ്ബാനാനുഭവം. നഷ്ടപ്പെട്ട പ്രാണനെ പാതാളത്തിൽ പോയി കുഴഞ്ഞചേററിൽ നിന്ന് കരേററി യേശു ആകുന്ന പാറയിൽ നിർത്തി നിനക്കു സ്തുതി എന്നു പാടുവാൻ വേണ്ടിയാണ് ധ്യാനവും ഉപവാസവും, അതിനെ തുടർന്ന് വരുന്ന വിശുദ്ധ കുർബ്ബാനയും വച്ചിരിക്കുന്നത്.

വിശുദ്ധ കുർബ്ബാന നമ്മുടെയും പൂർവ്വികരുടെയും പാട്ടുകളായിത്തീരണം. സങ്കീർത്തനങ്ങൾ 89 : 48 വാക്യം ജീവിച്ചിരിന്ന് മരണം കാണാതെ.......സങ്കീർത്തനക്കാരൻ ജീവിതത്തെപ്പററി ധ്യാനിച്ചപ്പോൾ ഭയത്തോടും വിറയലോടും കൂടി രക്ഷയ്ക്കായി പ്രവർത്തിക്കണം എന്ന കാര്യം മനസ്സിലായപ്പോൾ തോന്നിയ ചോദ്യമാണിത്. ഈ ചോദ്യത്തിന് ഉത്തരം പറയുവനാണ് പുനരുത്ഥാനവും ജീവനുമായ യേശു ഭൂമിയിൽ ശരീരം ധരിച്ച് ജീവിച്ചിട്ട്, മരിച്ചുപോയ ലാസറിന്റെ വീട്ടിൽ ചെന്നപ്പോൾ ആണ് അതിന് മറുപടി പറഞ്ഞത്.

വിശുദ്ധ യോഹന്നാൻ 11 അദ്ധ്യായം ഇത്രയും വേദഭാഗം ഉദ്ധരിച്ചുകൊണ്ട് അതിന് മറുപടി പറയുന്നുണ്ട്. സങ്കീർത്തനക്കാരന്റെ ചോദ്യത്തിന്റെ മറുപടി പറയുന്നത് ചീഞ്ഞുനാറിയ ലാസറിന്റെ കല്ലറക്കൽ പോയി കർത്താവ്, 'ലാസറെ പുറത്തുവരിക എന്നു പറഞ്ഞ് പ്രാർത്ഥിച്ചപ്പോൾ, ലാസർ പുറത്തു വന്നപ്പോൾ കർത്താവ് ഇതിന് മറുപടി പറഞ്ഞത്. ജീവിച്ചിരുന്ന് വിശ്വസിക്കുന്നവൻ ഒരു നാളും മരിക്കുകയില്ല. അഥവാ മരിച്ചാലും അവൻ ഉയിർത്തെഴുന്നേൽക്കും എന്നും പറഞ്ഞു.

സങ്കീർത്തനങ്ങൾ 89 : 48 നമ്മുടെ ചോദ്യം ആകട്ടെ, അതിന് മറുപടി പറയുവാൻ യേശു നമ്മളിൽ ജനിക്കട്ടെ., വളരട്ടെ. നമ്മുടെ ധ്യാനത്തിലൂടെയും ഉപവാസത്തിലൂടെയും ദൈവം ഉയിർത്തെഴുന്നേൽകട്ടെ. സങ്കീർത്തനങ്ങൾ 56:13 –ാം വാക്യത്തിൽ..... ഇതെല്ലാം സംഭവിച്ച കാര്യങ്ങളാണ് പറയുന്നത്. ഇതെല്ലാം എല്ലാ ദിവസത്തെയും പ്രാണന് സംഭവിക്കേണ്ടതാണ്. അങ്ങനെ നമ്മുടെ പ്രാണനെ മരണത്തിൽ നിന്നും വീഴ്ചയിൽ നിന്നും വിടുവിക്കുന്ന ദൈവത്തിന് നന്ദി പറയുവാൻ നമ്മൾ ഭയത്തോടും വിറയലോടും കൂടി രക്ഷയ്ക്കായി പ്രവർത്തിച്ചിട്ടുണ്ടോ? ഓരോ ദിവസത്തെ പ്രാണൻ രക്ഷയുടെ ഈ വാതിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കണം.

സങ്കീർത്തനങ്ങൾ 70: 4 വാക്യത്തിൽ ഈ രക്ഷ വേണമെങ്കിൽ എപ്പോഴും ചെയ്യേണ്ടതായ ഒരു കാര്യം അവിടെ പറയുന്നുണ്ട്. നിന്നെ അന്വേഷിക്കുന്നവർ ഒക്കെയും നിന്നിൽ ആനന്ദിച്ച് സന്തോഷിക്കട്ടെ. നിന്റെ രക്ഷയെ ഇച്ഛരിക്കുന്നവർ ദൈവം മഹത്വമുള്ളവൻ എന്ന് എപ്പോഴും പറയട്ടെ''. അതുകൊണ്ടാണ് എപ്പോഴും ഭയത്തോടും വിറയലോടും രക്ഷയ്ക്കായി പ്രവർത്തിക്കണം എന്നു പറയാൻ കാരണമിതാണ്. എപ്പോഴും ദൈവത്തിന്റെ മഹത്വം പാടിക്കൊണ്ടിരുന്നാൽ നമ്മുടെ ജീവൻ യേശുവിനോട് ചേർന്നുകൊണ്ടിരിക്കും. യേശുവിനോട് പററിചേർന്നുകൊണ്ടിരിക്കണം. സ്തുതിക്കാത്ത സമയം അവിശ്വാസിയായ പിശാച് അതിനെ തെററ് ധരിപ്പിച്ച് ഇടയ്ക്കു വിടവുണ്ടാക്കി പ്രാണനെ പാതാളത്തിൽ കൊണ്ടുപോകാൻ സാദ്ധ്യതയുണ്ട്.

അതുകൊണ്ട് ഇടവിടാതെ നമ്മുടെ നാവുകൊണ്ട് സ്തുതിക്കാൻ കഴിയുന്നില്ലായെങ്കിൽ നമ്മുടെ വീണ്ടടുക്കപ്പെടുന്ന പ്രാണനെ പാതാളത്തിൽ കൊണ്ടുപോകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഇടവിടാതെ നമ്മുടെ നാവുകൊണ്ട് സ്തുതിക്കാൻ കഴിയുന്നില്ലായെങ്കിൽ നമ്മുടെ വീണ്ടെടുക്കപ്പെടുന്ന പ്രാണനെ ആ ജോലി ഏൽപ്പിച്ച് നമ്മുടെ ആത്മാവും പ്രാണനും എപ്പോഴും സ്തുതിച്ചുകൊണ്ടിരിക്കാമെങ്കിൽ നമ്മുടെ പ്രാണൻ, നമ്മുടെ ജീവൻ യേശുവിനോട് ചേർന്നുകൊണ്ടിരിക്കും. യേശുവിനോട് ചേരാത്ത പ്രാണനാണ് നഷ്ടപ്പെട്ട് പാതാളത്തിൽ പോകുന്നത്. വിശുദ്ധ മാമോദീസായിലാണ് യേശുവിനോട് ചേരാൻ തുടങ്ങിയത്. സ്നാനം യേശുവിനോട് ചേരാനാണ് എന്നത് റോമർ 6 –ാം അദ്ധ്യായത്തിൽ പറയുന്നു.

790. എന്റെ സ്നാനത്തിൽ എത്ര ശതമാനം യേശുവിനെ ഞാൻ വഹിച്ചു? എത്ര ശതമാനം ഞാൻ യേശുവിനോട് ചേർന്നു ?

0 – 49 100 – 61 2,00,000

യേശുവിനോട് ചേരാൻ തുടങ്ങിയത് സ്നാനത്തിലാണ്. ഇനിയും ഓരോ ദിവസത്തെ പ്രാണൻ ചേർന്നുകൊണ്ടിരിക്കണം. ചേരാതിരിക്കാൻ സ്വാതന്ത്ര്യം ഉണ്ട്. ചേരാതിരുന്നാൽ അത് പാതാളത്തിൽ പോകും. എനിക്ക് എന്റെ 100% പ്രാണനും യേശുവിനെ വഹിക്കുകയും യേശുവിനോട് ചേരുകയും ചെയ്യേണം. അപ്പോഴാണ് രക്ഷയുടെ അനുഭവം നമുക്ക് ആസ്വദിക്കാൻ കഴിയുന്നത്.

791) പരിശുദ്ധമായത് നായക്കൾക്കും മുത്ത് പന്നികൾക്കും കൊടുത്ത കേസ്സുകൾ ഉണ്ട്?

ദൈവത്തിന് കൊടുക്കാനുള്ളത് കൊടുത്താൽ മാത്രമേ ദൈവത്തിൽ നിന്ന് കിട്ടാനുള്ളത് കിട്ടുകയുള്ളു. ദൈവം നമുക്ക് തന്നിരുന്ന ലോകത്തെക്കാൾ വിലയേറിയ പ്രാണൻ നമ്മൾ പന്നിയെപ്പോലെയും പട്ടിയെപ്പോലെയും ജീവികൾക്ക് കൊടുത്തിട്ടുണ്ടെങ്കിൽ,

അങ്ങനെയുള്ളവർ അപഹരിച്ചു പോയപ്പോൾ ദൈവത്തിന് കിട്ടേണ്ടത് കിട്ടിയില്ല. ഭയത്തോടും വിറയലോടും രക്ഷയ്ക്കായി പ്രവർത്തിക്കാൻ പറയുന്നതിൽ, ദൈവത്തിന് കൊടുക്കാനുള്ളത് ദൈവത്തിനും മനുഷ്യർക്ക് കൊടുക്കാനുള്ളത് മനുഷ്യർക്കും ഭരണാധികാരികൾക്ക് കൊടുക്കാനുള്ളത് അവർക്കും കൊടുത്തതിനുശേഷം അവശിഷ്ടം മാത്രമേ പന്നിക്കും പട്ടിക്കും കിട്ടാവൂ. നമ്മുടെ മഹത്വവും ശക്തിയും സ്വർഗ്ഗത്തിലെ പിതാവിനാണ് ആദ്യം കൊടുക്കേണ്ടത്. അത് പിതൃപുത്രപരിശുദ്ധാത്മാവിലെ ത്രീയേകദൈവത്തിലെ സ്വർഗ്ഗത്തിലാണ് ആദ്യം നമ്മുടെ മഹത്വവും ശക്തിയും കൊടുക്കേണ്ടത്. അത് കഴിഞ്ഞ് പരിശുദ്ധന്മാർക്കും മാലാഖമാർക്കും, അത് കഴിഞ്ഞ് വിശേഷ അതിഥികൾക്ക്, അത് കഴിഞ്ഞ് വീട്ടുകാർക്ക്, നാട്ടുകാർക്ക് എല്ലാം കൊടുത്തതിനുശേഷമുള്ള അവശിഷ്ടം വെളിയിൽ കിടക്കട്ടെ. പക്ഷിമൃഗാദികൾ ഭക്ഷിക്കട്ടെ.

ദൈവത്തിനുള്ളത് ദൈവത്തിനും മനുഷ്യർക്കുള്ളത് മനുഷ്യർക്കും കൊടുക്കേണം. അതുകൊണ്ടാണ് വീടിന് ഐശ്വരം ഇല്ലാത്തത്, ചിട്ടയും അടുക്കും ആവശ്യമാണ്. അങ്ങനെയാണെങ്കിൽ മാത്രമേ നമുക്ക് പ്രാണൻ രക്ഷപ്പെട്ടു എന്നു പറയാൻ പററുകയുള്ളു. നമ്മുടെ വിലയേറിയ പ്രാണൻ, അതിരാവിലെ ആരെയും തൊടിക്കാതെ, ആരും അറിയാതെ പ്രാർത്ഥിക്കാൻ പോകേണ്ടത്, യേശുവിന്റെ മാതൃക. ആരെയും അറിയിക്കാതെ പിതാവിനോട് പ്രാർത്ഥിക്കാൻ മലയിലേക്ക് ഒരു യാത്ര. അതുപോലെ നാം ആരോടും പറയാതെ അതിരാവിലെ പ്രാർത്ഥന മുറിയിൽ പോയി പ്രാർത്ഥിക്കുന്നത് നല്ല ശീലമാണ്. എന്റെ ഇന്നത്തെ ആദ്യഫലം എന്റെ സ്വർഗ്ഗത്തിലെ അപ്പച്ചന് കൊടുക്കണം. ആ ഒരു നിഷ്ഠവേണം. എന്റെ പിതാവ് ആണ് എനിക്ക് ഇതൊക്കെ തന്നത്. പുത്രനെ തന്നു, പരിശുദ്ധാത്മാവിനെ തന്നു, സഭയെ തന്നു, കുടുംബത്തെ തന്നു, എനിക്ക് നന്ദി പറയണം.

അതുകൊണ്ടു അതിരാവിലെ ഉള്ള എന്റെ സ്നേഹവും ശക്തിയും എന്റെ അപ്പച്ചന് കൊണ്ടുകൊടുക്കേണം എന്ന് പറഞ്ഞ് ആരെയും തൊടിക്കാതെ ആരെയും കാണാതെ ദൈവസന്നിധിയിൽ പോകുന്ന ഒരു സ്വഭാവം നമുക്ക് ഉണ്ടോ? അപ്പോൾ അപ്പച്ചന് സന്തോഷമാകും. അങ്ങനെ പിതാവിനെ പ്രസാദിപ്പിച്ച് പിതാവിന് കൊടുക്കാനുള്ളത് പിതാവിന് കൊടുത്താൽ, പിതാവ് തരുന്ന സമ്മാനമാണ് പുത്രൻ, പുത്രനെ തൃപ്തിയാക്കുമ്പോൾ പുത്രൻ തരുന്ന സമ്മാനമാണ് പരിശുദ്ധാത്മാവ്, പരിശുദ്ധാത്മാവിന്റെ സമ്മാനമാണ് സന്തോഷം. അങ്ങനെ പരിശുദ്ധാത്മാവിന്റെ സന്തോഷം നിറഞ്ഞ് കവിയുമ്പോൾ അത് കുടുംബത്തിലെ മററ് അംഗങ്ങളിലേക്കു പകരുന്നത്. ഇങ്ങനെയൊരു ചിട്ട വേണം. അതിന് മുമ്പ് ഇത്രയും കാര്യങ്ങൾ ചെയ്യേണം. എല്ലാവർക്കും ഉചിതമായും ക്രമമായും കൊടുത്തും വാങ്ങിയും ചെയ്താൽ അന്നത്തെ പ്രാണൻ രക്ഷപ്പെടും. അങ്ങനെയെങ്കിൽ രക്ഷപ്പെടാത്ത പ്രാണനെ രക്ഷയുടെ പാതയിൽ എത്തിക്കാനാണ് ധ്യാനവും ഉപവാസവും പ്രാർത്ഥനകളും ക്രമിച്ചിരിക്കുന്നത്.

കൊടുക്കേണ്ടത് എല്ലാവർക്കും കടമയുള്ളത്, ദാനങ്ങൾ ഏകാഗ്രതയോടും നീതിയോടും കൂടി വേണം എന്നു പറഞ്ഞത് അതുകൊണ്ടാണ്. താലന്തുകളുടെ വ്യാപാരത്തിലും ആ കാര്യം ഉണ്ടായിരിക്കണം.

റോമർ 13 : 1, 7,14 ; 12: 8; വിശുദ്ധ മത്തായി 25 : 13 - 30; 7 : 6; 22:21

കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിന് കൊടുത്ത് കിട്ടിയിരിക്കുന്നത് യഥായോഗ്യം വിതരണം ചെയ്യുമ്പോൾ നമ്മുടെ പ്രാണൻ ഇടുക്കുവാതിലൂടെ അകത്ത് കയറി കഴിഞ്ഞു.

791. പരിശുദ്ധമായത് നായ്ക്കും മുത്ത് പന്നിയ്ക്കും കൊടുത്ത കേസ്സുകൾ ധാരാളം ഉണ്ട്.

100 - 51 100 - 51 2,00,000

സ്വർഗ്ഗകാർക്ക് കൊടുക്കാനുള്ളത് കൊടുത്തിട്ടേ ഭൂമികാർക്ക് കൊടുക്കാവൂ. സ്വർഗ്ഗകാർക്ക് കൊടുക്കാനുള്ളത് കൊടുത്താൽ അവർ സന്തുഷ്ടരായി അവർ നമ്മുടെ കൂടെ കാണും. അത് കഴിഞ്ഞ് വീട്ടുകാർക്കും നാട്ടുകാർക്കും എല്ലാം കൊടുക്കേണ്ടത് ഇനം തിരിച്ച് കൊടുത്താൽ, അങ്ങനെ അവശിഷ്ടം മാത്രമേ പട്ടിക്കും പന്നിക്കും കൊടുക്കാവൂ. എല്ലാം ഉചിതമായും ചന്തമായും ചെയ്യണം. ഫിലിപ്പ്യർ, ഭയത്തോടും വിറയലോടും രക്ഷ കിട്ടുന്നവരുടെ മുൻകുറിയാണ് വായിച്ചുകൊണ്ടിരുന്നത്.

സങ്കീർത്തനങ്ങൾ 49: 14-15 വാക്യത്തിൽ...... അത് പ്രതീക്ഷയാണ്, പ്രത്യാശയാണ്. ആ പ്രത്യാശയിലാണ് നാം ഉപവസിക്കുന്നത്. അജ്ഞതകൊണ്ടും ബലഹീനത കൊണ്ടും സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ടും നമ്മുടെയും നമ്മുടെ മക്കളുടെയും നമ്മുടെ പൂർവ്വികരുടെയും വിലയേറിയ പ്രാണൻ അസമയത്ത് അസ്ഥാനത്ത് വൃത്തിക്കേടായി പോയിട്ടുണ്ട്. ദൈവത്തിന് കൊടുക്കാനോ എടുക്കാനോ സാധിക്കാത്ത അവസരമുണ്ടാക്കിയ കേസ്സുകൾ നമ്മുടെമേൽ ഉണ്ട്. ആ പ്രശ്നം വരാതിരിക്കാൻ വേണ്ടി ആരും തൊടുന്നതിന് മുമ്പ് ആരും കാണുന്നതിന് മുമ്പ് രാവിലെ പ്രാർത്ഥിക്കുക. അങ്ങനെയുള്ള സ്വഭാവത്തിലൂടെ അന്നത്തെ ദിവസം രക്ഷപ്പെട്ടിരിക്കും. അവിടെയെല്ലാം കർത്താവിന്റെ അനുഗ്രഹം വരും.

സങ്കീർത്തനങ്ങൾ 70..... രക്ഷ വേണ്ടവർ ദൈവമഹത്വമുള്ളവൻ എന്ന് എപ്പോഴും പറയണം. നമ്മുടെ ഹൃദയത്തിൽ നിന്നും നാവിൽ നിന്നും സ്തുതി എപ്പോഴും ഉയർന്നുകൊണ്ടിരുന്നാൽ എപ്പോഴും ദൈവത്തോട് നമ്മുടെ ശക്തി ചേർന്നുകൊണ്ടിരിക്കും. വായ് കൊണ്ട് വർത്തമാനം പറയുമ്പോൾ ഹൃദയം സ്തുതിച്ചുകൊണ്ടിരിക്കാണെങ്കിൽ മഹത്വം ശക്തിയും കർത്താവിന് കിട്ടികൊണ്ടിരിക്കും. അത് അനുഗ്രഹവും സമാധാനവും ശക്തിയായി മടങ്ങിവരണമെന്ന് ഓർക്കണം. ഇത് പൗലൊസിന്റെ രക്ഷ

പത്രൊസിന്റെ രക്ഷ 1 പത്രൊസ്: 1 : 9...............

നമ്മുടെ വിശ്വാസത്തിന്റെ അന്തം ആത്മരക്ഷയാണ് എന്ന് എഴുതിയിരിക്കുന്നു.

പ്രാർത്ഥന : ഞങ്ങളെ സ്നേഹിക്കുന്ന ദൈവമേ, ഈ നല്ല ദിവസത്തിനായി നന്ദി പറയുന്നു. അപ്പൊസ്തലനായ പത്രൊസും പൗലൊസും സുവിശേഷകരായ മത്തായും ലൂക്കൊസും എല്ലാം ഭയത്തോടും വിറയലോടും കൂടി ഞങ്ങളുടെ ഓരോ ദിവസത്തെ പ്രവർത്തനത്തിൽ കർത്താവിനോട് ചേരുന്നത് എങ്ങനെയാണെന്നും ഇടുക്കുവാതിൽ കണ്ടെത്തുന്നത് എങ്ങനെയാണെന്നും പോരാടുന്നത് എങ്ങനെയാണെന്നും ഞങ്ങളെ പഠിപ്പിച്ചതിന് നന്ദി പറയുന്നു. ഇതിൽ ഞങ്ങൾക്ക് ഉണ്ടായ വീഴ്ചകൾക്ക് ഞങ്ങൾ ക്ഷമ ചോദിക്കുന്നു. ഇന്നു മുതൽ ശേഷിക്കുന്ന സമയം ഞങ്ങളുടെ നഷ്ടപ്പെട്ട വശങ്ങളെ വീണ്ടെടുത്ത് യേശുവിന്റെ ഉള്ളിലാക്കി അങ്ങനെ ലോകത്തെക്കാൾ വിലയേറിയ ഞങ്ങളുടെ ജീവനും ജീവിതവും അത് ആരാധനയിൽ ദൈവത്തിന് തന്നെ കാഴ്ച വെച്ച് സ്വർഗ്ഗത്തിലെ ബാങ്കിൽ നിക്ഷേപിച്ച് ദൈവത്തിന്റെ പദ്ധതിയ്ക്കു മുടക്കി അങ്ങനെ മുൻഗണ ക്രമത്തിൽ വാങ്ങേണ്ടത് വാങ്ങി കൊടുക്കേണ്ടത് കൊടുത്തും ജന്മസാഫല്യം അണഞ്ഞ് ഞങ്ങളുടെ അവശിഷ്ടം മാത്രം പട്ടിയ്ക്കും പന്നിയ്ക്കും കിട്ടുവാൻ അത് ഞങ്ങളുടെ ശുദ്ധീകരണത്തിന് ഉതകുവാൻ അങ്ങനെ ഉചിതമായും ചന്തമായും എല്ലാ കാര്യങ്ങളും ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെന്ന് യേശുവിന്റെ നാമത്തിൽ യാചിക്കുന്നത്, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി കരേററുവാൻ തന്നെ. ആമേൻ.